**മധുരമായ കുട്ടികളേ - നിങ്ങള്‍ ദേവീ ദേവതാ കുലത്തിലേതാണ്, നിങ്ങള്‍ക്കിപ്പോള്‍ പൂജാരിയില്‍ നിന്നും പൂജ്യനീയരാകണം, നിങ്ങളെല്ലാവര്‍ക്കും ഭക്തിയുടെ ഫലം നല്‍കുന്നതിന് ബാബ വന്നിരിക്കുന്നു.**

**ചോദ്യം:-** ദേഹ സഹിതം ദേഹത്തിന്റെ സര്‍വ്വ സംബന്ധങ്ങളില്‍ നിന്നും ബുദ്ധിയോഗത്തെ വേര്‍പെടുത്തുന്നതിനുള്ള സഹജമായ വിധി എന്താണ്?
**ഉത്തരം:-** എനിക്ക് ഒരേയൊരു ശിവബാബ രണ്ടാമതാരുമില്ല എന്ന പാഠം ഉറപ്പിക്കൂ. ബാബ പറയുന്നു കുട്ടികളേ, ദേഹവും ദേഹത്തിന്റെ സര്‍വ്വ സംബന്ധങ്ങളും ദുഃഖം നല്കുന്നതാണ്. നിങ്ങള്‍ എന്നെ തന്റെ കുട്ടിയാക്കൂ എങ്കില്‍ ഞാന്‍ നിങ്ങളുടെ അത്രയും സേവനം ചെയ്യും, നിങ്ങള്‍ 21 ജന്മം സദാ സുഖിയായിരിക്കും. എന്നെ അവകാശിയാക്കൂ എങ്കില്‍ ഞാന്‍ സമ്പത്ത് നല്കാം. പ്രിയതമനാക്കൂ എങ്കില്‍ അലങ്കരിച്ച് സ്വര്‍ഗ്ഗത്തിന്റെ മഹാറാണിയാക്കാം. സഹോദരനാക്കൂ, കൂട്ടുക്കാരനാക്കൂ എങ്കില്‍ കൂടെ കളിക്കാം. ബാബയുമായി സര്‍വ്വ സംബന്ധം വയ്ക്കൂ എങ്കില്‍ ദേഹത്തിന്റെ സംബന്ധങ്ങളില്‍ നിന്നും ബുദ്ധിയോഗം അകലും.

**ഗീതം-** എത്ര മധുരം, എത്ര പ്രിയപ്പെട്ടതാണ് ശിവ ഭോലാ ഭഗവാന്‍...

**ഓം ശാന്തി**. കുട്ടികള്‍ ആരുടെ മഹിമയാണ് കേട്ടത്? തന്റെ പരിധിയില്ലാത്ത അച്ഛന്റെ. അച്ഛനെ തന്നെയാണ് ശിവബാബയെന്ന് വിളിക്കുന്നത്. ബ്രഹ്മാവിനെയും ബാബ എന്ന് പറയുന്നു. പ്രജാപിതാവാണ്, പിതാവ് അര്‍ത്ഥം ബാബ. പ്രജാപിതാ ബ്രഹ്മാകുമാരന്‍മാരും, ബ്രഹ്മാകുമാരികളും. ഇപ്പോള്‍ നിങ്ങള്‍ മുന്നിലിരിക്കുകയാണല്ലോ. നിങ്ങള്‍ ബ്രഹ്മാവിന്റെ ദത്തെടുത്ത കുട്ടികളാണ്. ശിവബാബ ബ്രഹ്മാവിലൂടെ ദത്തെടുത്തു. ശിവബാബയ്ക്ക് തന്റേതായ ശരീരമില്ല. ബ്രഹ്മാവ്, വിഷ്ണു, ശങ്കരന് പോലും തന്റേതായ ശരീരമുണ്ട്. നിരാകാരനായ പരമാത്മാവിന് ആകാരിയോ സാകാരിയോ ആയ ശരീരമില്ല. ബാബയെ പറയുന്നത് പരമപിതാവെന്നാണ്. പ്രജാപിതാവിനെ പരമപിതാവെന്ന് പറയില്ല. പരമപിതാവ് അര്‍ത്ഥം ഏറ്റവും ഉപരിയില്‍ വസിക്കുന്നവന്‍. നിങ്ങള്‍ ആത്മാക്കളും അവിടെ വസിക്കുന്നവരാണ്. ആ ബാബ വളരെ മധുരമാണ്, അതിനാലാണ് ബാബയ്ക്ക് ഈ മഹിമ നല്കുന്നത്. അങ്ങ് തന്നെയാണ് മാതാവും പിതാവും...പഠിപ്പിക്കുന്ന ആളും അങ്ങയെ പോലെത്തന്നെയായിരിക്കണമെന്നു പറയുന്നു. സഹോദരനും, അച്ഛനും അങ്ങയെ പോലെ. ഏതു പോലെ ലൗകിക അച്ഛന്‍ കുട്ടികള്‍ക്ക് സമ്പത്ത് നല്കുന്നു. ഇന്നത്തെ കുട്ടികള്‍ക്ക് സമ്പത്ത് ലഭിക്കുന്നുണ്ട്, എന്നാല്‍ അവര്‍ അച്ഛന്റെ പൂര്‍ണ്ണ സേവനം ചെയ്യുന്നില്ല. പത്നിയെ ലഭിച്ചതിനുശേഷം, എന്തെങ്കിലും ഉരസല്‍ ഉണ്ടായാല്‍ ഉടനെ വേറെ വീട്ടില്‍ മാറി താമസിക്കുന്നു. നിങ്ങള്‍ ഇപ്പോള്‍ ശിവബാബയെ തന്റെ കുട്ടിയാക്കൂ, ബാബ നിങ്ങളുടെ അത്രയും സേവനം ചെയ്യും 21ജന്മങ്ങള്‍ നിങ്ങള്‍ വളരെ സുഖിയായിരിക്കും. കുട്ടിയാക്കുന്നതിനു പകരം, അച്ഛനാക്കിയാലും ബാബ നിങ്ങള്‍ക്ക് സ്വര്‍ഗ്ഗത്തില്‍ സദാകാലത്തേക്ക് സുഖം നല്കും. ബാബയെ പ്രിയതമനാക്കൂ എങ്കില്‍ നിങ്ങളെ അലങ്കരിച്ച് സ്വര്‍ഗ്ഗത്തിലെ മഹാറാണിയാക്കും. ദേഹ സഹിതം ദേഹത്തിന്റെ സര്‍വ്വ സംബന്ധങ്ങളില്‍ നിന്നും ബുദ്ധിയോഗത്തെ അകറ്റൂ, കാരണം അവരെല്ലാം നിങ്ങള്‍ക്ക് ദുഃഖം നല്കുന്നു. ഞാന്‍ നിങ്ങള്‍ക്ക് സുഖം മാത്രമേ നല്കൂ. നോക്കൂ, ബാബ നിങ്ങളുടെ കൂടെ കളിക്കുന്നു. ഞങ്ങള്‍ തന്റെ സഹോദരന്റെ കൂടെ കളിക്കുന്നുവെന്ന് മനസ്സിലാക്കുന്നു. ബാബയെ സഹോദരനാക്കുന്നതിലൂടെയും സുഖം നല്കുന്നു. നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കുന്നു. അതിനാല്‍ സര്‍വ്വ സംബന്ധവും ബാബയുമായി വച്ച്, ബാക്കി സര്‍വ്വരില്‍ നിന്നും ബുദ്ധിയെ അകറ്റണം. എനിക്ക് ഒരേയൊരു ശിവബാബ മാത്രം.....ഞാന്‍ കല്പ കല്പം കുട്ടികളുടെ സന്മുഖത്ത് വന്ന് നിങ്ങളെ സര്‍വ്വ ദുഃഖങ്ങളില്‍ നിന്നും മുക്തമാക്കി സദാ സുഖിയാക്കുന്നു. ഇങ്ങനെയുള്ള ബാബയുമായി ബുദ്ധിയോഗം വയ്ക്കണം, ബാബ സ്വയം ബ്രാഹ്മണനായി വന്ന് ആത്മാക്കളുടെ വിവാഹനിശ്ചയം ചെയ്യിക്കുന്നു. ബ്രഹ്മാവ് ഫസ്റ്റ് ക്ലാസ് ബ്രാഹ്മണനാണ്. നിങ്ങള്‍ക്ക് എത്ര നല്ല പേരാണ് വയ്ക്കുന്നത്. ഡ്രാമയനുസരിച്ച് നിങ്ങള്‍ക്ക് പേര് വയ്ക്കേണ്ടി വന്നു കാരണം നിങ്ങള്‍ ഒരു കുടുംബം വിട്ട് ഈശ്വരന്റെ മടിത്തട്ടില്‍ വന്നു, അതിനാല്‍ എത്ര രമണീകമായ പേരുകള്‍ ലഭിച്ചു. എല്ലാവരും ഓര്‍മ്മിക്കുന്നുണ്ട്- ഹേ പതിത പാവനാ വരൂ, വന്ന് പാവനമാക്കൂ. ശ്രീകൃഷ്ണനെ എത്ര സ്നേഹിക്കുന്നുണ്ട്. പറയാറുണ്ട്- ശ്രീകൃഷ്ണനെ പോലെ പതിയെ വേണം, പുത്രനെ വേണം. കൃഷ്ണന്‍ സ്വര്‍ഗ്ഗത്തിന്റെ അധികാരിയായിയാണെന്ന് മനസ്സിലാക്കുന്നുണ്ട് എന്നിട്ടും കൃഷ്ണനെ ദ്വാപരയുഗത്തില്‍ വരുന്നതായിട്ടാണ് കാണിക്കുന്നത്. ഇതാണ് തെറ്റ്. ഈ സര്‍വ്വ തെറ്റുകളുടെയും നിവാരണം ചെയ്ത് ബാബ വന്ന് നമ്മെ തെറ്റില്‍ നിന്നും മുക്തരാക്കി മാറ്റുന്നു. സ്വര്‍ഗ്ഗത്തില്‍ ആരും ഇങ്ങനെയുള്ള തെറ്റുകളൊന്നും ചെയ്യുന്നില്ല.

തെറ്റ് ചെയ്യിക്കുന്നത് മായയാണ്. അവിടെ മായയേയില്ല. ലക്ഷ്മീ നാരായണന്റെ ചിത്രം കാണിച്ച് നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. ഇവർ തന്നെയായിരുന്നു സ്വർഗ്ഗത്തിലെ മഹാരാജാവും മഹാറാണിയും. ഇവരെ ഇങ്ങനെ ആക്കിയത് ആരായിരുന്നു? അജ്ഞാനകാലത്തിൽ ആർക്കാണോ അധികം ധനമുള്ളത്, അവരോട് ചോദിക്കാറുണ്ട്– ഇത് നിങ്ങൾക്ക് എങ്ങനെ ലഭിച്ചുവെന്ന്. അപ്പോൾ പറയും ഭഗവാൻ നല്കിയെന്ന്. ബാബ ദാതാവാണ്, ബാബ നമ്മുക്ക് പരിധിയില്ലാത്ത സ്വരാജ്യം നല്കുന്നു. ക്ഷേത്രത്തിൽ പൂജയ്ക്ക് യോഗ്യരാക്കുന്നു. പരിധിയില്ലാത്ത ശിവാലയത്തിൽ രാജ്യം ഭരിച്ച് പിന്നീട് ഭക്തി മാർഗ്ഗത്തിൽ ജഢ ചിത്രങ്ങളുടെ ശിവാലയമുണ്ടാക്കുന്നു. ആ സമയത്ത് ദേവതകൾ വാമ മാർഗ്ഗത്തിലേക്ക് പോകുന്നു. പതിത മനുഷ്യരെ ഒരിക്കലും ദേവതയെന്നു പറയാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മൾ ദേവതാ കുലത്തിലേതാണ്. നമ്മൾ തന്നെ പൂജ്യനീയർ, നമ്മൾ തന്നെ പൂജാരിയുമാകുന്നു. ഇപ്പോൾ വീണ്ടും പൂജാരിയിൽ നിന്നും പൂജ്യനീയരായി കൊണ്ടിരിക്കുന്നു. അര കല്പം പൂജ്യനീയരായിരുന്നു, അരകല്പം പൂജാരിയായി തീരുന്നു. ഞാൻ സദാ പൂജ്യനീയനാണ്. ഭക്തി മാർഗ്ഗത്തിൽ നിങ്ങൾ ഓർമ്മിച്ചു– ഞാൻ നിങ്ങൾക്ക് ഓർമ്മയുടെ ഫലം നല്കുന്നു. നിങ്ങളോട് പറയുന്നു–നിരന്തരം എന്നെ ഓർമ്മിക്കൂവെങ്കിൽ നിങ്ങൾക്ക് വളരെ ഫലം ലഭിക്കും. നിങ്ങൾക്ക് ഈ പഴയ ലോകത്തിൽ വസിക്കാൻ ഇഷ്ടമാണോ? ഞാൻ സർവ്വരൂപങ്ങളിലും സുഖം നല്കാൻ വന്നിരിക്കുന്നു. അവരെല്ലാം നിങ്ങൾക്ക് ദുഃഖമാണ് നല്കുന്നത്. ഇപ്പോൾ ഞാൻ നിങ്ങൾക്ക് സുഃഖത്തിന്റെ സമ്പത്ത് നല്കുന്നു. ശിവബാബ എത്ര മധുരവും എത്ര പ്രിയപ്പെട്ടതുമാണ് അതു കൊണ്ടാണ് ഓർമ്മിക്കുന്നത്– ശിവ ഭോലാ ഭണ്ഡാരി.... ഖജനാവ് നിറയ്ക്കൂ... നിങ്ങൾക്കറിയാം വിശ്വത്തിന്റെ അധികാരിയാകുന്നതിന് നാം എത്രത്തോളം യോഗ്യരായിയെന്ന്. ബാബ യോഗ്യതയില്ലാത്തവരെ യോഗ്യതയുള്ളവരാക്കി മാറ്റുന്നു. രാജയോഗം പഠിപ്പിച്ച് 21 ജന്മത്തേയ്ക്ക് മഹാറാണിയാക്കുന്നു. ഉയർന്ന പദവി നേടി ബാബയുടെ പേര് പ്രശസ്തമാക്കുന്നതിന് ശിക്ഷണം നല്കുന്നു. കുട്ടികൾ നമ്പർവൈസ് അല്ലേ. ആര് എത്രത്തോളം പഠിക്കുന്നുവൊ, നല്ല കുട്ടികൾ മാതാപിതാവിന്റെ ആജ്ഞയെ പാലിക്കുന്നവരായിരിക്കും. നിങ്ങൾക്ക് പരിധിയില്ലാത്ത അച്ഛനെ ലഭിച്ചു അതിനാൽ എത്ര ആജ്ഞാകാരിയാകണം. ബാബയുടെ പേര് തന്നെ മംഗളകാരിയെന്നാണ്. നരകത്തെ സ്വർഗ്ഗമാക്കുന്നു. നിങ്ങൾ സ്വർഗ്ഗത്തിലേക്ക് പോകുന്നതിനുള്ള തയ്യാറെടുപ്പ് ചെയ്തു കൊണ്ടിരിക്കുകയാണ്. എത്രത്തോളം ശ്രീമത്തനുസരിച്ച് നടക്കുന്നുവൊ, സർവ്വരോടുമുള്ള മമത്വത്തെയില്ലാതാക്കണം. കുട്ടികൾ ചോദിക്കുന്നു– ബാബ എങ്ങനെയില്ലാതാക്കാം? ബാബ പറയുന്നു– എന്നെ ട്രസ്റ്റിയാക്കൂ, എന്നിട്ട് നിർദ്ദേശം സ്വീകരിക്കൂ– ഇന്ന പരിതസ്ഥിതിയിൽ എന്ത് ചെയ്യണം എന്ന്.! ബാബ പറയുന്നു ഉപേക്ഷിക്കുന്നുവെങ്കിൽ അത് സന്യാസിമാരുടേത് പോലെയായി തീരും. കുടുംബത്തെ സന്യസിക്കരുത്. പഴയ ലോകത്തിന്റെ സന്യാസമാണ് ബാബ ചെയ്യിക്കുന്നത്. അവർ വീടും കുടുംബവും ഉപേക്ഷിക്കുന്നു, വളരെ നഷ്ടം വരുത്തുന്നു. എന്നാലും പവിത്രമായി ജീവിക്കുന്നത് കൊണ്ട് അവർ നമ്മെ സഹായിക്കുന്നുണ്ട്. അല്ലാതെ ഗുരുവായി അവർക്ക് ആരുടെയും ഗതി സത്ഗതി ചെയ്യാൻ സാധിക്കില്ല. കേവലം പുരുഷന്മാരെ മാത്രമാണ് പവിത്രമാക്കുന്നത്. ബാബ രണ്ട് പേരെയും പതിതമാകുന്നതിൽ നിന്നും രക്ഷിക്കുന്നു. ബാബ ശിക്ഷണം നല്കുന്നു, നിങ്ങൾ പവിത്രമായി കാണിക്കുകയാണെങ്കിൽ പവിത്രമായ ലോകത്തിന്റെ അധികാരിയാകാം. സ്വർഗ്ഗത്തിൽ സർവ്വരും സുഖിയായിരിക്കും. നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്ത് ബാബയെ തന്റെ കുട്ടിയാക്കുകയാണെങ്കിൽ ബാബ സമ്പത്ത് നല്കും. ആര് എത്രത്തോളം ബാബയ്ക്ക് നല്കുന്നുവൊ അത്രയും ബാബയും പ്രതിഫലമായി നല്കും. എന്നാൽ സ്വർഗ്ഗത്തിലാണ് നല്കുന്നത്, ഇവിടെയല്ല. എനിക്ക് നിങ്ങൾ എന്താണൊ നല്കുന്നത് അത് ഞാൻ നിങ്ങൾക്ക് വേണ്ടി തന്നെ ഉപയോഗിക്കുന്നു. ഞാൻ വിശ്വത്തിന്റെ അധികാരിയാകുന്നില്ല, നിങ്ങളാണ് ആകുന്നത്. നിങ്ങൾക്ക് വേണ്ടിയാണ് ഈ കെട്ടിടങ്ങളെല്ലാം ഉണ്ടാക്കുന്നത്. ഇത് പ്രദർശനിയാണ്. അതും കുട്ടികളുടെ സേവനമാണ്, വീണ്ടും നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നു. എത്ര ആഗ്രഹിക്കുന്നുവൊ അത്രയും എന്നിൽ നിന്നും എടുക്കൂ. എന്നെ അവകാശിയാക്കുകയോ ആക്കാതിരിക്കുകയോ ചെയ്യൂ. തന്റെ കുട്ടികളുമൊത്ത് സുഖമായിട്ടിരിക്കൂ, ബാക്കി പവിത്രമാകൂ, ഒരേയൊരു ബാബയെ ഓർമ്മിക്കൂ എങ്കിൽ അന്തിമ നിമിഷത്തിലും ബാബയുടെ സ്മൃതിയിൽ പോകാൻ സാധിക്കും. ബാക്കി അസത്യമായ മന്ത്രങ്ങളൊന്നും ഉപയോഗപ്പെടില്ല. ഞാൻ നിങ്ങൾക്ക് മംഗളകാരിയായ മന്ത്രം നല്കുന്നു– ബാബയെയും സമ്പത്തിനെയും ഓർമ്മിക്കൂ. കുട്ടി ജനിച്ചുവെങ്കിൽ അതിന് സമ്പത്ത് ലഭിക്കുക തന്നെ വേണം. നിങ്ങൾക്കറിയാം നമ്മൾ ശിവബാബയുടേതായിരുന്നു, സ്വർഗ്ഗത്തിൽ രാജ്യം ഭരിച്ചു, പിന്നീട് മായ നിങ്ങളെ തോല്പ്പിച്ചു. ഇപ്പോൾ ബാബ പറയുന്നു– എന്നെ ഓർമ്മിക്കൂ. എന്റേതാകൂ, എന്റേതാകുന്നതിലൂടെ നിങ്ങൾക്ക് എത്ര നേട്ടമാണുണ്ടാകുന്നത്. ഗുരുക്കൻമാരോടുള്ള സംബന്ധത്തെ വേർപ്പെടുത്തൂ. ഞാൻ ഈ കർമ്മേന്ദ്രിയങ്ങളിലൂടെ ആത്മാക്കളോടാണ് സംസാരിക്കുന്നത്. ബാബയും ബ്രഹ്മാവിലാണ് പ്രവേശിക്കുന്നത്. ബ്രാഹ്മണരെ കഴിപ്പിക്കുമ്പോൾ ഇങ്ങനെ മനസ്സിലാക്കുന്നു– എന്റെ പതിയുടെ ആത്മാവ് പ്രവേശിച്ചുവെന്ന്. ശരീരത്തിന് പ്രവേശിക്കാൻ സാധിക്കില്ല. ബാബയ്ക്ക് സ്വന്തം ശരീരമില്ല, അതിനാൽ എന്നെ അശരീരിയെന്നു പറയുന്നു. നിങ്ങളും അശരീരിയാകൂ. ദേഹ അഹ

ങ്കാരത്തെയും ഉപേക്ഷിക്കൂ. മുഴുവൻ കല്പവും നിങ്ങൾ ദേഹാഭിമാനത്തിലായിരുന്നു, സത്യയുഗത്തിൽ ആത്മാഭിമാനിയായിരുന്നു. പിന്നീട് ദേഹാഭിമാനിയായപ്പോൾ ആത്മാവിനെ കുറിച്ചുള്ള ജ്ഞാനവും മറന്നു പോയി. ആദ്യം സന്തോഷത്തോടെ ശരീരം എടുക്കുകയും ഉപേക്ഷിക്കുകയുമായിരുന്നു, അപ്പോൾ നിങ്ങ ൾക്ക് എന്ത് നഷ്ടപ്പെടാനാണ്. ആത്മാവിന് അവിനാശി പാർട്ട് ലഭിച്ചിട്ടുണ്ട്. സ്വർഗ്ഗത്തിൽ കരച്ചിലിന്റെ പേരെയില്ല. ഇപ്പോൾ നിങ്ങൾ 63 ജന്മം ദുഃഖം അനുഭവിച്ച് അനുഭവിച്ച് തീർത്തും തമോപ്രധാനമായി തീർന്നു. ഇപ്പോൾ വീണ്ടും സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ, ബാബയെ ഓർമ്മിക്കൂ. മറ്റെവിടെ യെങ്കിലും പോയാൽ –ഇന്ന സന്യാസി വേദ ശാസ്ത്രങ്ങൾ കേൾപ്പിക്കുന്നുവെന്ന് മനസ്സിലാക്കുന്നു. ഇവിടെ നിരാകാരനായ പരമാത്മാവ് ഒരു ശാസ്ത്രവും പഠിക്കുന്നില്ല. ബാബ സർവ്വ വേദ ശാസ്ത്രങ്ങളുടെയും സാരം കേൾപ്പിക്കുന്നവനാണ്. ശാസ്ത്രം പഠിച്ച് പഠിച്ച് നിങ്ങൾ പതിതമായി, അപ്പോഴാണ് വിളിക്കുന്നത്– ഹേ സത്ഗതിദാതാവേ, മുക്തേശ്വരാ, പാപകടേശ്വരാ വരൂ. ശരി– ബാബ വന്നിരിക്കുന്നു. പറയുന്നു– നിങ്ങൾ എന്റെ നിർദ്ദേശമനുസരിച്ച് നടക്കൂവെങ്കിൽ ഉയർന്ന പദവി പ്രാപ്തമാക്കാം. ഇതാണ് ഏറ്റവും ശ്രേഷ്ഠമായ നിർദ്ദേശം. ബാബയാണ് ശ്രീ ശ്രീ, വന്ന് ഭ്രഷ്ഠാചാരിയിൽ നിന്നും ശ്രേഷ്ഠാചാരിയാക്കുന്നു. നിങ്ങൾക്കറിയാം ഓരോരുത്തർക്കും അവരവരുടേതായ പാർട്ട് ലഭിച്ചിട്ടുണ്ട്. ചക്രം കറങ്ങികൊണ്ടേയിരി ക്കുന്നു. ആത്മാവ് നശിക്കുന്നുമില്ല, ആത്മാവിന്റെ പാർട്ടും ഇല്ലാതാകുന്നുമില്ല. ഇത് ഉണ്ടായതും ഉണ്ടാക്ക പ്പെട്ടിട്ടുള്ളതുമായ കളിയാണ്, ഇതിൽ നിന്നും ആർക്കും വിട്ടു നില്ക്കാൻ സാധിക്കില്ല. ബാബ പറയുന്നു– ഞാനും പതിത ശരീരത്തിൽ വന്ന് നിങ്ങളുടെ സേവനം ചെയ്യുന്നു. ഞാൻ നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ സുഖം നല്കുന്നു. നിങ്ങൾ പിന്നീട് രത്നങ്ങളുടെയും വജ്രങ്ങളുടെയും ക്ഷേത്രങ്ങൾ പണിയുന്നു, അതിൽ എന്നെ പ്രതിഷ്ഠിക്കുന്നു. ഇപ്പോൾ നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കാൻ വേണ്ടി വന്നിരിക്കുന്നു അപ്പോൾ ആരും എന്നെ തിരിച്ചറിയുന്നില്ല. എന്നോട് വിട പറഞ്ഞു പോകുന്നു. നിങ്ങൾ സർവ്വർക്കും ബാബയുടെ പരിചയം നല്കണം. ബാബ എങ്ങനെ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നു, എത്ര സഹജമായ കാര്യമാണ്. മായ വരും, നിങ്ങളുടെ കർത്തവ്യമാണ് മായയെ ഓടിക്കുക. ശിവബാബയുടേതല്ലാതെ മറ്റാ രുടെയും ഓർമ്മ വരരുത്. ഒരു നിമിഷം, അര നിമിഷം...ഓർമ്മിക്കുന്നതിന് അഭ്യസിക്കൂ. അപ്പോൾ അന്തിമ നിമിഷത്തിലും ബാബയുടെ ഓർമ്മ നിലനില്ക്കും. ബുദ്ധി എവിടെയെങ്കിലും കുടുങ്ങുകയാണെങ്കിൽ നിറയെ ശിക്ഷകൾ അനുഭവിക്കേണ്ടി വരും. ഏതു പോലെ കാശിയിൽ ശിക്ഷ ഏറ്റുവാങ്ങി അനുഭവിക്കു ന്നു, അതിനെ ജീവഹത്യ എന്നു പറയുന്നു. ആത്മാവ് തന്റെ ശരീരത്തിന്റെ ഹത്യ ചെയ്യുന്നു. ബാക്കി ആത്മാവിന്റെ ഹത്യ സംഭവിക്കുന്നില്ല. ആത്മാവ് അമരനാണ്. ഇതെല്ലാം ധാരണ ചെയ്ത് ബാബയുടെ ഓർമ്മയിലിരിക്കണം, സർവ്വരോടുള്ള മമത്വത്തെയില്ലാതാക്കണം. ഇത് പഴയ ശരീരമാണ്, സാക്ഷിയായി ട്ടിരിക്കണം. ഇപ്പോൾ തിരികെ പോകണം. ഇവിടെ യാതൊരു ആനന്ദവുമില്ല. ഭൂമികുലുക്കത്തിൽ സർവ്വരും മരിക്കും. മരിക്കുന്നതിനു മുമ്പ് തന്റെ അവസ്ഥയെ ശ്രേഷ്ഠമാക്കണം.

നിങ്ങൾ സർവ്വരും ശിവശക്തികളാണ്. സ്ത്രീയും, പുരുഷനും രണ്ടുപേരും ശിവബാബയിൽ നിന്നും ശക്തിയെടുക്കുന്നതിനുള്ള പരിശ്രമം ചെയ്യുന്നു. മാതാക്കൾക്ക് കൂടുതൽ ബഹുമാനം നല്കുന്നു. നിങ്ങൾ സർവ്വരും കന്യകമാരാണ്. കന്യകമാരെയും അധർകുമാരിമാരെയും ബ്രഹ്മാകുമാരിമാരെന്നു പറയുന്നു. അവർ നിർവ്വികാരിയായി ജീവിക്കുന്നു. ഭീഷ്മപിതാമഹന് വളരെ മഹിമയുണ്ട്. എത്രയോ പേർ ചെറുപ്പം മുതലേ ബ്രഹ്മചാരിയായി ജീവിക്കുന്നു. 5000 വർഷങ്ങൾക്കു മുമ്പ് ചെയ്ത കാര്യങ്ങൾ ബാബ ഇപ്പോൾ വീണ്ടും ചെയ്തു കൊണ്ടിരിക്കുന്നു. ഈ ക്ഷേത്രങ്ങളെല്ലാം തകർന്നു പോകും പിന്നീട് ഭക്തി മാർഗ്ഗ ത്തിൽ വീണ്ടും ഉണ്ടാകും. ഇതല്ലാം ധാരണ ചെയ്യേണ്ട കാര്യങ്ങളാണ്. ഇത് സ്വയത്തോട് സംസാരിക്ക ണം. ഇതിനെയാണ് വിചാര സാഗരമഥനം എന്നു പറയുന്നത്. ഭഗവാന്റെ വാക്കുകളാണ്, നിങ്ങളെ നര നിൽ നിന്നും നാരായണനാക്കുന്നു. മനുഷ്യർക്കാർക്കും ഈ ജ്ഞാനം നല്കാൻ സാധിക്കില്ല. ബ്രഹ്മാ വിന്റെ ആത്മാവും കേട്ടുകൊണ്ടിരിക്കുന്നു. ഇത് അടിക്കടി നിങ്ങൾ മറന്നു പോകുന്നു. ആമയുടെ, ഭ്രമരി വണ്ടിന്റെ ഉദാഹരണവും നിങ്ങളുടേതാണ്. ബാബയുടെ പരിചയം സർവ്വർക്കും നല്കണം. കർത്തവ്യം മനസ്സിലാക്കാതെ ശിവന്റെ പൂജ ചെയ്യുക, ഇതൊന്നും അർത്ഥമില്ലാത്തതാണ്. നമ്മളും പൂജ ചെയ്തിരു ന്നു, എന്നാൽ ഇപ്പോൾ മനസ്സിലാക്കുന്നുണ്ട്. ശിവബാബ നമ്മെ മനുഷ്യനിൽ നിന്നും ദേവതയാക്കി കൊണ്ടി രിക്കുന്നു. ബാബ പറയുന്നു– നിങ്ങൾ കക്കയ്ക്ക് (വിനാശിധനം)പിന്നാലെ പോയി എന്തിന് തലയിട്ടടി ക്കുന്നു? ഇതെല്ലാം ഭസ്മമാകണം. മക്കളും പേരക്കുട്ടികളൊന്നും അവശേഷിക്കില്ല. സർവ്വരും മരിക്കും. നിങ്ങൾ മംഗളകാരി ബാബയുടെ കുട്ടികളാണ്, സർവ്വരുടെയും മംഗളം ചെയ്യുന്നവരാണ്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവു മായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) ബാബയെ തന്റെ ട്രസ്റ്റിയാക്കി, സർവ്വരോടുമുള്ള മമത്വത്തെ ഇല്ലാതാക്കണം. പരിധിയില്ലാത്ത ബാബയുടെ ആജ്ഞാകാരിയാകണം.

2) ധർമ്മരാജന്റെ കടുത്ത ശിക്ഷകളിൽ നിന്നും മുക്തമാകുന്നതിന് അന്തിമ നിമിഷത്തിൽ ഒരേയോരു ബാബയുടേതല്ലാതെ മറ്റാരുടെയും ഓർമ്മ വരാത്ത രീതിയിൽ തന്റെ അവസ്ഥയെ ശ്രേഷ്ഠമാക്കണം. ബുദ്ധി എവിടെയും കുടുങ്ങരുത്.

**വരദാനം:- സ്വയത്തിന്റെയും സേവനത്തിന്റെയും സന്തുലത്തിലൂടെ ആശിർവ്വാദങ്ങൾ നേടുകയും നൽകുകയും ചെയ്യുന്ന സദാ സഫലതാമൂർത്തിയായി ഭവിക്കൂ**

ഏതുപോലെയാണോ സേവനത്തിൽ വളരെ മുന്നേറിക്കൊണ്ടിരിക്കുന്നത് അതുപോലെ സ്വ ഉന്നതിയിലും പൂർണ്ണമായ ശ്രദ്ധ ഉണ്ടായിരിക്കണം. ആർക്കാണോ ഈ സന്തുലനം വയ്ക്കാൻ അറിയുന്നത് അവർ സദാ ആശിർവ്വാദങ്ങൾ നേടുകയും നൽകുകയും ചെയ്യുന്നു. സന്തുലനത്തിന്റെ പ്രാപ്തി തന്നെ ആശീർവ്വാദമാണ്. സന്തുലനം വയ്ക്കുന്നവർക്ക് ആശീർവ്വാദം ലഭിക്കാതിരിക്കുക - ഇങ്ങനെ സംഭവിക്കില്ല. മാതാ-പിതാവിന്റെയും പരിവാരത്തിന്റെയും ആശീർവ്വാദങ്ങളിലൂടെ സദാ മുന്നേറിക്കൊണ്ടിരിക്കൂ. ഈ ആശീർവ്വാദങ്ങൾ തന്നെയാണ് പാലന. കേവലം ആശീർവ്വാദങ്ങൾ നേടിക്കൊണ്ട് പോകൂ എല്ലാവർക്കും ആശർവ്വാദങ്ങൾ നൽകിക്കൊണ്ട് പോകൂ എങ്കിൽ സഹജമായും സഫലതാമൂർത്തിയാകും.

**സ്ലോഗൻ:- ഗുണമൂർത്തിയാകുക സർവ്വരെയും ഗുണമൂർത്തിയാക്കുക - ഇതാണ് മഹാദാനം.**